25

# രണ്ടു വഴികൾ

## (ഗിരിപ്രഭാഷണം, 2)

***വായനാ ഭാഗം # 9***

V. രണ്ടാമത്തെ പെസഹ മുതൽ മൂന്നാമത്തേതു വരെ (തുടർച്ച).

F. ഗിരിപ്രഭാഷണം (തുടർച്ച).

6. ഭൗമിക വ്യാകുലതകൾ സ്വർഗീയ നിക്ഷേപ ഭദ്രതക്ക് എതി രായി പറഞ്ഞിരിക്കുന്നു (മത്താ. 6:19–34).
7. വിധിക്കലിനെകുറിച്ചുള്ള ഉപദേശം (മത്താ. 7:1–6; ലൂക്കൊ. 6:37–42).
8. പ്രാർത്ഥനയെ കുറിച്ചുള്ള ഉപദേശം (മത്താ. 7:7–11).
9. സുവർണ്ണനിയമം (മത്താ. 7:12; ലൂക്കൊ. 6:31).
10. രണ്ടു വഴികളും – കള്ളപ്രവാചകന്മാരും (മത്താ. 7:13–23; ലൂക്കൊ. 6:43–45).
11. ഉപസംഹാരവും പ്രയോഗവും (രണ്ടു നിർമ്മാതാക്കൾ) (മത്താ. 7:24–29; ലൂക്കൊ. 6:46–49).

**മുഖവുര**

ജോൺ സ്റ്റോട്ട് എഴുതി,

> യേശുവിന്റെ ഉപദേശങ്ങളിൽ ഒരുപക്ഷെ ഏറ്റവും-കൂടുതൽ അറിയപ്പെടുന്ന ഭാഗമാകാം ഗിരിപ്രഭാഷണം എന്നതു തെളിയിക്കപ്പെട്ടതാണെങ്കിലും, അതു ചുരുക്കമായി മനസ്സിലാക്കിയതും, തീർച്ചയായും വളരെ കുറച്ചു അനുസരിക്കപ്പെട്ടതുമാണ്. അവൻ ഇതുവരെ പറഞ്ഞിട്ടുള്ള വിജ്ഞാപനത്തോടു ഏറ്റവും അടുത്തുനിൽക്കുന്ന ഒന്നാണത്, കാരണം അവന്റെ അനുയായികൾ എന്തായിരിക്കണമെന്നും എന്തുചെയ്യണമെന്നും അവൻ തന്നെ വിശദമാക്കിയതാണത്.[1]

ഇ. സ്റ്റാൻലി ജോൺസ് പറഞ്ഞു, ''ആധുനിക ക്രിസ്ത്യാനിത്വത്തിന്റെ ഏറ്റവും വലിയ ആവശ്യം ഗിരിപ്രഭാഷണത്തെ ജീവിക്കുവാനുള്ള ഏക പ്രായോഗിക വഴിയായി കണ്ടെത്തുകയാണ്."[2] ഹാർവേ സ്കോട്ട് മത്തായി 5–7 "ക്രിസ്ത്യാനിത്വത്തിന്റെ[3] ഭരണഘടന" ആണെന്നാണ് പറഞ്ഞത്.

നമുക്ക് ഗിരിപ്രഭാഷണത്തെ കുറിച്ച് ഒരു നൂറു പുസ്തകങ്ങൾ എഴുതേണ്ടി വരുകയാണെങ്കിൽ, നാം അതിലെ ഉപദേശങ്ങൾ മുഴുവൻ എടുക്കുകയില്ല. ഈ പരമ്പരകളിൽ നമുക്കു ചെയ്യുവാൻ കഴിയുന്നത് അതിലെ ഉള്ളടക്കം ചുരുക്കമായി നോക്കുക മാത്രമാണ്. ഈ പുസ്തകത്തിൽ ആദ്യം കാണുന്ന, "ഞാനോ നിങ്ങളോടു പറയുന്നു" എന്ന പാഠത്തിൽ, ഗിരിപ്രഭാ

ഷണത്തിന്റെ പകുതിഭാഗം നമ്മൾ കാണുകയുണ്ടായി; പിന്നീടുവരുന്ന രണ്ടാം ഭാഗത്തെയാണ് ഈ പാഠത്തിൽ നാം കാണുന്നത്.

പ്രസംഗത്തിൽ വ്യത്യാസങ്ങൾ ധാരാളം ഉണ്ട്. ആദ്യത്തെ പകുതി പ്രത്യേകമായി പറയുന്നത് യെഹൂദന്മാരെ പഠിപ്പിച്ചിട്ടുള്ളതും യേശുവിന്റെ ഉപദേശവും തമ്മിലുള്ള വ്യത്യാസത്തെ കുറിച്ചാണ്. രണ്ടാമത്തെ പകുതിയിൽ ഒരു മനുഷ്യൻ നടക്കേണ്ടതിന് തിരഞ്ഞെടുക്കാവുന്ന രണ്ടുവഴികൾ തമ്മിലുള്ള വ്യത്യാസത്തെ എടുത്തു കാണിക്കുന്നു. തന്റെ ശ്രോതാക്കളോടു ക്രിസ്തു ആവശ്യപ്പെടുന്നു, "ഇടുക്കു[4] വാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും, അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതു, അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ" (7:13, 14). നമുക്കു സഞ്ചരിക്കുവാൻ കഴിയുന്ന രണ്ടുവഴികളുടെ ഉദാഹരണങ്ങൾ കൊണ്ടു നിറഞ്ഞിരിക്കുന്നതാണ് മത്തായി 6:19–7:27. ഈ വേദഭാഗത്തിൽ നാം എടുക്കേണ്ട തിരഞ്ഞെടുപ്പുകൾ പരിശോധനക്കായി കൊണ്ടുവരുന്നു: ജീവങ്കലേക്കുള്ള തിരഞ്ഞെടുപ്പ് ... അല്ലെങ്കിൽ നാശത്തിലേക്കുള്ള തിരഞ്ഞെടുപ്പ്.

## ഭൂമി അല്ലെങ്കിൽ സ്വർഗ്ഗം
## (മത്താ. 6:19-24)

ഇപ്പോൾ നാം പറഞ്ഞ ആ വ്യത്യാസങ്ങളിൽ പലതും നമ്മുടെ ഈ പഠനത്തിന്റെ ആദ്യ ഭാഗത്തുണ്ട്. മത്തായി 6:19–21 ൽ, ഭൂമിയിൽ നിക്ഷേപിക്കുന്നതും സ്വർഗ്ഗത്തിൽ നിക്ഷേപിക്കുന്നതും തമ്മിലുള്ള ഒരു വ്യത്യാസമുണ്ട്. വാക്യങ്ങൾ 22–ലും 23–ലും, വെളിച്ചം നിറയുന്നതും ഇരുട്ടു നിറയുന്നതും തമ്മിലുള്ള വ്യത്യാസം നാം കാണും. സാധ്യതയുള്ള രണ്ടു യജമാനന്മാരെ കുറിച്ച് വാക്യം 24 പറയുന്നു: ദൈവവും സമ്പത്തും. ആ മൂന്നു വ്യത്യാസങ്ങളും ഒരൊറ്റ വിഷയവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്: നമ്മുടെ ബന്ധങ്ങൾ ഈ ഭൂമിയിൽ കേന്ദ്രീകരിച്ചിരിക്കുന്നതാണോ, അവ സ്വർഗ്ഗത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നതാണോ?

### നിക്ഷേപങ്ങൾ (വാ. 19-21)[5]

നിക്ഷേപങ്ങൾ ഭൂമിയിലല്ല, മറിച്ച് സ്വർഗ്ഗത്തിൽ[6] സ്വരൂപിച്ചുകൊൾവിൻ എന്ന വെല്ലുവിളിയാണ് യേശു തന്റെ ശിഷ്യന്മാർക്ക് നൽകിയത്. അവൻ ഊന്നി പറഞ്ഞതു ഭൗമിക നിക്ഷേപങ്ങൾ ഇല്ലാതാകുന്നതാണെന്നും[7] – എന്നാൽ സ്വർഗ്ഗീയ നിക്ഷേപങ്ങൾ മാത്രം എന്നേക്കും നിലനില്ക്കുമെന്നുമാണ് (വാ. 19, 20).

ഭാവിക്കുവേണ്ടി സമ്പാദ്യം കരുതുന്നത് നിയമരഹിതമാണെന്നല്ല ക്രിസ്തു പറഞ്ഞത്, എന്നാൽ അമിതമായ സമ്പാദ്യങ്ങൾ സ്വയം നശിക്കുന്നതാണ് എന്ന് അവൻ കുറ്റപ്പെടുത്തി. അവന്റെ പ്രാഥമികമായ കരുതൽ ഒരു വ്യക്തിയുടെ മുൻഗണനകളെ കുറിച്ചുള്ളതായിരുന്നു: "... നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു, നിങ്ങളുടെ ഹൃദയവും ഇരിക്കും" (വാ. 21). നിങ്ങളുടെ ഹൃദയം എവിടെയാണോ, അവിടെയായിരിക്കും നിങ്ങളുടെ നിക്ഷേപം എന്നതും വാസ്തവമാണ്.

**കണ്ണുകൾ (വാ. 22, 23)**[8]

അക്കാലത്ത് ആളുകൾക്ക് സുപരിചിതമായ ഒരു ഉപമ ഉപയോഗിച്ചു കൊണ്ട് ശരിയായ മുൻഗണനകളുടെ പ്രാധാന്യത്തെ യേശു ചിത്രീകരിച്ചു: കണ്ണിന്റെ ഉപയോഗം ഒരാളുടെ ഹൃദയത്തിന്റെ ക്രമവിധാനത്തിനായി സഹായിക്കുന്നതാണ്. പഴയ നിയമം പഠിപ്പിക്കുന്നത് "ദയാകടാക്ഷമുള്ളവൻ [അക്ഷരികമായി, "നല്ല കണ്ണുള്ളവൻ"[9]] അനുഗ്രഹിക്കപ്പെടും" (സദൃശവാക്യങ്ങൾ 22:9), എന്നാൽ "കണ്ണുകടിയുള്ളവൻ ധനവാനാകുവാൻ ബദ്ധപ്പെടുന്നു" (സദൃശവാക്യങ്ങൾ 28:22).[10] ശരീരത്തിന് കണ്ണ് എങ്ങനെയാണോ, അതുപോലെയാണ് ആത്മാവിന്[11] ഹൃദയവും. അതേ ആലങ്കാരികപ്രയോഗം ഇന്നു നാം സംസാരിക്കാറില്ല, പക്ഷെ നാം ജീവിതത്തെ "നോക്കുന്ന" രീതിയെ കുറിച്ചു പറയുവാൻ അതു ഉപയോഗിക്കാറുണ്ട്.

ക്രിസ്തുവിന്റെ ചിത്രീകരണം നിസ്സാരമാണ്: ഒരു മനുഷ്യന്റെ ഭൗതികമായ കണ്ണുകൾ നല്ലതാണെങ്കിൽ, അവൻ "വെളിച്ചം കൊണ്ട് നിറയും"; എന്നാൽ അവൻ അന്ധനാണെങ്കിൽ, അവൻ "ഇരുട്ടുകൊണ്ടു നിറയും." അതുപോലെ, ഒരു മനുഷ്യന്റെ ഹൃദയം നല്ലതാണെങ്കിൽ (സന്ദർഭത്തിൽ, സ്വർഗ്ഗത്തിൽ കേന്ദ്രീകരിച്ച), അവനാത്മീയ വെളിച്ചത്താൽ നിറയും; എന്നാൽ അവന്റെ ഹൃദയം ദോഷമുള്ളതാണെങ്കിൽ (അതായത്, ഈ ലോകത്തിനു പ്രാധാന്യം കൊടുക്കുന്ന), അവനാത്മീയ ഇരുട്ട് നിറഞ്ഞവനായിരിക്കും.

**യജമാനന്മാർ (വാ. 24)**[12]

നമ്മുടെ ജീവിതത്തിൽ ഏറ്റവും – പ്രാധാന്യമുള്ളവ എന്തെന്ന് നാം ഓരോരുത്തരും തീരുമാനിക്കണം: നമുക്ക് ദൈവത്തെ സേവിക്കുന്നവരാകാം, അല്ലെങ്കിൽ ഈ ലോകത്തിന് അടിമപ്പെടുന്നവരായി തീരാം – എന്നാൽ നമുക്ക് അതു രണ്ടുംകൂടി ചെയ്യുവാൻ സാദ്ധ്യമല്ല. ദൈവത്തിനും സമ്പത്തിനും ഇടയിൽ ഏതു വേണമെന്ന് നാം തിരഞ്ഞെടുക്കണം. കെജെവിയിൽ ഉപയോഗിച്ചിരിക്കുന്ന, "മാമോൻ" എന്ന വാക്ക്, ഭൗതികമായ സമ്പത്തുകൾക്ക്[13] ഉപയോഗിച്ചുവന്നിരുന്ന ഒരു സാധാരണ കൽദയ വാക്കായിരുന്നു.

## വിചാരപ്പെടൽ അല്ലെങ്കിൽ വിശ്വസ്തത
## (മത്താ. 6:25-34)

ആ മുഴുവൻ പ്രസംഗത്തിൽ ഏറ്റവും പ്രായോഗികമായ (ഒരുപോലെ എല്ലാവർക്കും ഏറ്റവും ആവശ്യമായതുമായ) ഒന്നിനെ കുറിച്ചുള്ളതാണ് അടുത്ത ഭാഗം. അത് വിചാരപ്പെടുന്നതിലെ പാപത്തെ കുറിച്ചുള്ളതാണ്. നിങ്ങൾ എപ്പോഴെങ്കിലും വിചാരപ്പെട്ടിട്ടുണ്ടെങ്കിൽ, തല കുലുക്കുക. നിങ്ങളുടെ തല ഇളകാതിരുന്നാൽ ഞാൻ അതിശയിച്ചുപോകും. വ്യക്തിപരമായ പാപങ്ങളെ കുറിച്ചുള്ള എന്റെ ലിസ്റ്റിൽ വളരെ പ്രാധാന്യമുള്ള ഒന്നാണ് വിചാരപ്പെടൽ.

മുൻവാക്യങ്ങളുമായി വളരെ അടുത്ത ബന്ധമുള്ള ഒന്നാണ് മത്തായി 6:25–34: നമ്മുടെ ബന്ധങ്ങൾ ഈ ഭൂമിയിൽ കേന്ദ്രീകരിക്കുന്നതാണെങ്കിൽ, നാം വിചാരപ്പെടും. അവ സ്വർഗ്ഗത്തിൽ കേന്ദ്രീകരിച്ചതാണെങ്കിൽ, വിചാരപ്പെടേണ്ട ആവശ്യമില്ല. ജോൺ ഫ്രാങ്ക്ളിൻ കാർട്ടർ ആ വേദഭാഗത്തെ ഉപസംഹരിച്ച് വിചാരപ്പെടൽ എന്നതിനെ പറയുന്നത് ...

1. അനാവശ്യമാണ്, കാരണം ... ദൈവം പക്ഷികൾക്ക് ആഹാരവും പുഷ്പങ്ങൾക്ക് വസ്ത്രവും നൽകുന്നതുകൊണ്ട്, അവൻ തീർച്ച യായും തന്റെ ദാസന്മാരുടെ ആവശ്യങ്ങൾ നിറവേറ്റും (വാക്യങ്ങൾ 26, 28–30).
2. നിഷ്പ്രയോജനമാണ്, കാരണം ഒരാൾ വിചാരപ്പെടുന്നതു കൊണ്ടു മാത്രം ... അയാളുടെ ഔന്നത്യം വർദ്ധിക്കുകയില്ല, അതു മറ്റൊരു പ്രയോജനവും നൽകുകയുമില്ല (വാ. 27).
3. അയോഗ്യമാണ് [അനുചിതം], കാരണം ക്രിസ്ത്യാനികൾക്ക്, ജീവിതം ആഹാരത്തെക്കാൾ വലുതാണ്, ശരീരം ... അലങ്കാരത്തെക്കാളും വലു താണ്. അതിനുപരിയായി, ഈ കാര്യങ്ങളെ കുറിച്ച് ക്രിസ്ത്യാനികൾ വിചാരപ്പെടുന്നതുകൊണ്ടു ക്രിസ്ത്യാനികൾ തങ്ങളെത്തന്നെ ... ജാതി കളെ പോലെ ആക്കുകയാണ് ചെയ്യുന്നത് ... (വാക്യങ്ങൾ 25, 32).[14]

വിചാരപ്പെടുന്നതിനെ കുറിച്ചുള്ള യേശുവിന്റെ വിശദീകരണത്തിൽ വിചാരപ്പെടുന്നത് ഇല്ലാതാക്കുവാൻ ഒരു രഹസ്യം നൽകുന്നുണ്ട്: "അൽപ *വിശ്വാസി*കളെ!" (വാ. 30; എംഫസിസ് മൈൻ). വിചാരപ്പെടുന്നതിനെ അതി ജീവിക്കുവാൻ വിശ്വാസമാണ് ആവശ്യം: അതായത് നമ്മുടെ ആവശ്യങ്ങൾ അറിയുന്ന ദൈവത്തിലുള്ള വിശ്വാസം (വാ.32) നാം "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക"[15] *യാണെങ്കിൽ* അവൻ നമ്മുടെ ജീവിത ത്തിലെ ആവശ്യങ്ങൾ നിറവേറ്റി തരും (വാ. 33). ദൈവം ദൈവമാകയാൽ, അവൻ അറിയുന്നു; അവൻ നമ്മുടെ പിതാവാകയാൽ, അവൻ കരുതുന്നു.[16]

ഭാവിയെ കുറിച്ചുള്ള വിചാരപ്പെടലിന് എതിരായിരുന്നില്ല യേശുവിന്റെ ഉപദേശം, എന്നാൽ നിയമാനുസൃതമായ വിചാരപ്പെടലും നമ്മുടെ ഊർജ്ജം ഊറ്റിക്കുടിക്കുന്ന മനസാന്നിധ്യം നഷ്ടപ്പെടുത്തി ഭാവി വെല്ലുവിളികളെ നേരി ടുവാനുള്ള ശക്തി ക്ഷയിപ്പിക്കുന്ന വിചാരപ്പെടലും തമ്മിൽ വ്യത്യാസം ഉണ്ട്. മുൻകൂട്ടി[17] പദ്ധതി തയ്യാറാക്കുന്നതിനെതിരായിട്ടായിരുന്നില്ല യേശു പറഞ്ഞത്; ഭാവിക്കുവേണ്ടി നമുക്കു കഴിയുന്ന ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കേ ണ്ടതിനുള്ള ഒരുക്കത്തിന്ന് കാര്യസ്ഥവിചാരക[18] തത്വം നമ്മെ പ്രചോദിപ്പി ക്കുന്നു. എങ്ങനെയായാലും, അതു ചെയ്താലുടനെ, നാം വിചാരപ്പെടാതെ – കാര്യങ്ങൾ ദൈവകരങ്ങളിൽ ഏൽപ്പിക്കുകയാണ് വേണ്ടത്.

## വിധിന്യായം അല്ലെങ്കിൽ കാര്യബോധം
## (മത്താ 7:1-6; ലൂക്കൊ. 6:37-42)

ഭൗതികമായ സമ്പാദ്യങ്ങളോടു ശിഷ്യന്മാർക്കുള്ള മനോഭാവത്തിൽ നിന്ന് യേശു മറ്റുള്ളവരോടുള്ള അവന്റെ മനോഭാവത്തിലേക്കു തിരിഞ്ഞു. വിധി ക്കുന്ന മനോഭാവമുള്ളതിനെ[19] ഖണ്ഡിക്കുന്നതാണ് മത്തായി 7:1–5. ചിലർ വിചാരിക്കുന്നത് ആ വേദഭാഗം ഏതൊരു വിധിയെയും തടയുന്നു എന്നാ ണ്, എന്നാൽ "നീതിയുള്ള വിധി വിധിപ്പിൻ" എന്നാണ് യേശു തന്നെ പറ ഞ്ഞത് (യോഹന്നാൻ 7:24). നമ്മുടെ വേദഭാഗങ്ങളിൽ ഒരിടത്ത് വിധിക്കുന്ന തിന്റെ ആവശ്യം എടുത്തു കാണിച്ചിട്ടുണ്ട്: മത്തായി 7:6 പറയുന്നതു "വിശു ദ്ധമായതു നായ്ക്കൾക്കു കൊടുക്കരുത്" അല്ലെങ്കിൽ "നിങ്ങളുടെ മുത്തു കളെ ... പന്നികളുടെ മുമ്പിൽ ഇടുകയുമരുത്" എന്നാണ്, അതിൽ നാം

പഠിപ്പിക്കുന്നവരെ സംബന്ധിച്ചു നല്ല വിധി ഉപയോഗിക്കുന്നതും ഉൾപ്പെട്ടിരിക്കുന്നു. മത്തായി 7–ലെ വാക്യങ്ങൾ 1 മുതൽ 6 വരെ മൊത്തത്തിൽ എടുത്താൽ, യേശു എല്ലാ വിധികളെയും ഖണ്ഡിക്കുന്നില്ല എന്നതു സ്പഷ്ടമാണ്, പക്ഷെ കഠിനമായ, ദയവില്ലാത്ത, അനുകമ്പാരഹിതമായ മനോഭാവത്തെയാണ് അവൻ വിലക്കിയിരിക്കുന്നത്.

ഗിരിപ്രഭാഷണത്തെ കുറിച്ചുള്ള ലൂക്കൊസിന്റെ വിവരണത്തിൽ, അന്ധന്മാരുടെ അന്ധതയുള്ള അദ്ധ്യക്ഷന്മാരെയും – അവരുടെ ശിഷ്യന്മാരെയും കുറിച്ച് യേശു പറഞ്ഞിരിക്കുന്നു (ലൂക്കൊസ് 6:39).[20] പിന്നീടു യേശു പരീശന്മാരെ കുറിച്ചു പറഞ്ഞു അവർ "കുരുടന്മാരായ വഴികാട്ടികൾ അത്രെ" (മത്തായി 15:12, 14). പരീശന്മാരെയും പരീശന്മാരുടെ മനോഭാവം മറ്റുള്ളവരോടു കാണിക്കുന്നവരെയും ആയിരുന്നു ക്രിസ്തു ശാസിച്ചത്.

### തെറ്റിദ്ധാരണ അല്ലെങ്കിൽ പ്രാർത്ഥന
### (മത്താ. 7:7-11)

യേശു പ്രസംഗം (അനുസരണത്തെ കുറിച്ചുള്ള നിർദ്ദേശവുമായി) അവസാനിപ്പിക്കുന്നതിനു മുൻപ്, തന്റെ ശ്രോതാക്കൾക്ക് മുൻപിൽ അവൻ വെച്ച വെല്ലുവിളികളെ നേരിടുവാൻ സഹായകമായ രണ്ട് പൊതുവായ ഭാഗങ്ങൾ ക്രിസ്തു ഉൾപ്പെടുത്തിയിരിക്കുന്നു. ആ വേദഭാഗങ്ങളിലെ വ്യത്യാസം പ്രസ്താവിച്ചിട്ടില്ലെങ്കിലും, അവ അന്തർലീനമാണ്. ഒന്നാമത്തേത് (മത്തായി 7:7–11) നിരന്തരമായ പ്രാർത്ഥനയുടെ ശക്തിയെ കുറിച്ചുള്ളതാണ്. വിചാരമെന്നതിനെ കുറിച്ചുള്ള ഭാഗത്തിന്റെ പിൻ–തുടർച്ചയായി ഇതിനെ ചിന്തിക്കാം: ശിഷ്യന്മാർ നാളയെക്കുറിച്ച് വിചാരപ്പെടേണ്ട എങ്കിൽ, അവർ എന്തു ചെയ്യണം? അവർ പ്രാർത്ഥിക്കണം. വാക്യങ്ങൾ 7–മുതൽ 11–വരെയുള്ളത് മനുഷ്യ ബന്ധങ്ങളെ കുറിച്ചുള്ള രണ്ടു വേദഭാഗങ്ങൾക്കിടയിൽ വരുന്നു (7:1–6 ഉം 7:12 ഉം). ആളുകളുമായിട്ട് യോജിച്ചു പോകേണ്ടതിന് പ്രാർത്ഥന ആവശ്യമാണെന്ന് ആ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു.[21] ആ വേദഭാഗത്തിന്റെ ഊന്നൽ (അന്തർലീനമായ വ്യത്യാസവും) ചുരുക്കി നൽകുവാൻ, "തെറ്റിദ്ധാരണ" എന്ന വാക്ക് ഈ ഭാഗത്തിനുള്ള തലക്കെട്ടായി ഞാൻ ഉപയോഗിച്ചിരിക്കുന്നു: ഭാവിയെ അല്ലെങ്കിൽ ബന്ധങ്ങളെ അല്ലെങ്കിൽ മറ്റു ആത്മീയമായ ഏതൊരു വെല്ലുവിളിയെ സംബന്ധിച്ചും തെറ്റിദ്ധരിക്കപ്പെടുന്നതിനു പകരം, വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

വാക്യങ്ങൾ 7–ലും 8–ലും ഉള്ള പ്രധാന വാക്കുകൾ "യാചിപ്പിൻ," "അന്വേഷിപ്പിൻ," "മുട്ടുവിൻ" എന്നിവയാണ്. വാക്കുകളുടെ ക്രമം നിർദ്ദേശിക്കുന്നത് നമ്മുടെ പ്രാർത്ഥനയുടെ തീവ്രത വർദ്ധിപ്പിക്കണമെന്നാണ്. കൂടാതെ, മൂലഗ്രന്ഥത്തിൽ വർത്തമാനകാലമാണ് ഉപയോഗിച്ചിരിക്കുന്നത്, അതു തുടരുന്നതിനെയാണ് കാണിക്കുന്നത്: തുടർച്ച യായി യാചിക്കുക; തുടർച്ചയായി അന്വേഷിക്കുക; തുടച്ചയായി മുട്ടുക. നിരന്തരമായ പ്രാർത്ഥനയുടെ ആവശ്യകതയെയാണ് യേശു ഊന്നി പറഞ്ഞത്.[22]

നാം എന്തുകൊണ്ട് നിരന്തരമായി പ്രാർത്ഥിക്കണം? നമ്മെ സ്നേഹിക്കുന്ന ഒരു ദൈവം നമുക്കുള്ളതുകൊണ്ടും അവൻ പ്രാർത്ഥനക്ക് മറുപടി നൽകും എന്നതുകൊണ്ടുമാണ്.[23] ഭൗതികരായ അപ്പന്മാർ തങ്ങളുടെ മക്കൾക്ക് നൽകുന്നതിനെ കുറിച്ചുള്ള ചിത്രീകരണം ഉപയോഗിച്ച് ക്രിസ്തു ഇതു ഊന്നി പറയുന്നു (വാ. 9, 10). അതുപോലെ, നമ്മുടെ സ്വർഗ്ഗീയ പിതാവു

നമുക്കു നൽകുന്നു (വാ. 11).[24]

ഒരു രസകരമായ യാദൃശ്ചികത്വം നിമിത്തം, “ആസ്ക്,” “സീക്ക്,” “നോക്ക്” എന്നിവയുടെ ആദ്യാക്ഷരങ്ങളാണ് “എ,” “എസ്,” “കെ” എന്നിവ, അവ ചേർത്താൽ “ആസ്ക്” എന്നു വായിക്കും. യാക്കൊബ് എഴുതി, “... യാചിക്കായ്ക കൊണ്ട് കിട്ടുന്നില്ല” (യാക്കൊബ് 4:2). ജീവിതത്തിൽ ഏതൊരു വെല്ലുവിളി നേരിട്ടാലും, യേശു നമ്മോടു പറയുന്നു “ഔദാര്യമായി കൊടുക്കുന്നവനായ, ദൈവത്തോട് യാചിക്കട്ടെ ...” (യാക്കൊബ് 1:5).

## സ്വയം അല്ലെങ്കിൽ മറ്റുള്ളവർ
## (മത്താ. 7:12; ലൂക്കൊ. 6:31)

അടുത്ത ഭാഗത്തിൽ ഒരു വാക്യം മാത്രമാണുള്ളത്. പ്രസംഗത്തിന്റെ അടുത്ത ഭാഗത്തിൽ ഇത് ഉൾപ്പെടുത്താമെങ്കിലും, അത് മാത്രമായി വിവരിക്കുവാൻ തക്ക പ്രാധാന്യമുള്ളതാണ്. ആ വാക്യം സുവർണ്ണ നിയമം എന്നു പൊതുവായി പറയുന്ന ഒരു സിദ്ധാന്തത്തെയാണ് വിശദീകരിക്കുന്നത്: “മനുഷ്യർ നിങ്ങൾക്കുചെയ്യേണം, ... എന്നു നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ” (മത്തായി 7:12).[25]

മുൻപ് സൂചിപ്പിച്ചതുപോലെ, ഇവിടെയുള്ള വ്യത്യാസം പറയുന്നതിനു പകരം അന്തർലീനമാക്കിയിരിക്കുന്നു – എന്നാൽ അതു തിരിച്ചറിയുക എളുപ്പമാണ്. മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ, *നാം* എന്താഗ്രഹിക്കുന്നു എന്നതിനെ സംബന്ധിച്ചായിരിക്കും പലപ്പോഴും നമ്മുടെ വിചാരപ്പെടൽ: “നമ്മുടെ ബന്ധങ്ങളിൽ ഇത് അല്ലെങ്കിൽ അത് *എനിക്കു ആവശ്യമാണ്,*” എന്നു നാം പറയും. സുവർണ്ണ നിയമം നമ്മെ സ്വാർത്ഥതയിൽ നിന്ന് സ്വയം–മറക്കുന്നതിലേക്ക് നീക്കുന്നു. അത് ആദ്യം മറ്റൊരാളുടെ ആവശ്യത്തെ പരിഗണിക്കുവാൻ നമ്മെ വെല്ലുവിളിക്കുന്നു. “മനുഷ്യർ നിങ്ങൾക്കുചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നത് പോലെ തന്നേ അവർക്കും ചെയ്വിൻ” (ലൂക്കൊസ് 6:31; എൻഐവി) എന്ന കർത്താവിന്റെ വാക്കുകളിൽ അതെല്ലാം അടങ്ങിയിരിക്കുന്നു.

യേശു പറഞ്ഞതു “ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നേ” എന്നാണ് (മത്തായി 7:12). നിങ്ങൾക്ക് ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും ഒരു ഗുളികപോലെ ചുരുക്കുവാൻ കഴിയുമെങ്കിൽ,[26] നിങ്ങൾക്ക് കിട്ടുന്നത് ഇതായിരിക്കും: “എങ്ങനെയാണോ നിങ്ങളോടു മറ്റുള്ളവർ പെരുമാറണമെന്ന് നിങ്ങൾ ഇച്ഛിക്കുന്നതു, അതുപോലെ അവരോടും ചെയ്വിൻ.”

## നാശം അല്ലെങ്കിൽ ജീവൻ
## (മത്താ 7:13, 14)

മത്തായി 7:13 ലെ വാക്കുകളോടെ യേശു തന്റെ പ്രസംഗം അവസാനിപ്പിക്കുവാൻ പോകുന്നു. പ്രസംഗത്തിലെ അവസാനിപ്പിക്കുന്ന വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നത് ദുരുപദേഷ്ടാക്കന്മാർക്കുള്ള ഒരു മുന്നറിയിപ്പാണ് (മത്തായി 7:15–20), എന്നാൽ താൻ പഠിപ്പിച്ച തത്വങ്ങൾ അനുസരിച്ചു ജീവിക്കുന്ന ക്രിസ്തുവിന്റെ ശിഷ്യന്മാരെ കുറിച്ചാണ് അവ പ്രാഥമികമായി ചിന്തിക്കുന്നത്. തന്റെ പ്രസംഗം ഒരു ലോഹ തകിടിൽ കൊത്തി വെച്ച് ആദരിക്കണമെന്നു ഉദ്ദേശിച്ചല്ല യേശു നൽകിയത്. മറിച്ച് അവൻ ആഗ്രഹിച്ചത് തന്റെ അനുയായികളുടെ ജീവിതത്തിൽ നിന്നു അതു പ്രതിഫലിച്ചു കാണു

വാനാണ്.

വാക്യങ്ങൾ 13–ഉം 14–ഉം തമ്മിലുള്ള വ്യത്യാസം വ്യക്തമാണ്. നമുക്ക് ഓരോരുത്തർക്കും പോകുവാൻ – രണ്ടു വഴികൾ – രണ്ടു വഴികൾ മാത്രമാണ് ഉള്ളത്: ജീവങ്കലേക്കുള്ള ഇടുക്കമായ വഴിയും, നാശത്തിലേക്കുള്ള വീതിയുള്ള വഴിയും.[27] ഇടുങ്ങിയ വഴി പ്രയാസമുള്ള വഴിയാണ്, അതിൽകൂടി കടക്കേണ്ടതിനുള്ള ത്യാഗം സഹിക്കുവാൻ "ചുരുക്കം" പേർ മാത്രമേ തയ്യാറാവുകയുള്ളൂ. വിശാലമായ വഴി എളുപ്പവും, പ്രചാരവുമുള്ളതാണ്, അതു തിരഞ്ഞെടുക്കുന്നവർ "അനേകർ" ആണ്. (ഈ അസുഖകരമായ സത്യം അഭിമുഖീകരിക്കുവാൻ പലർക്കും ഇഷ്ടമല്ല, എന്നാൽ യേശുവിന്റെ വാക്കുകൾക്ക് എന്തെങ്കിലും അർത്ഥമുണ്ടെങ്കിൽ, അവ പഠിപ്പിക്കുന്നത് രക്ഷിക്കപ്പെടുന്നവരേക്കാൾ നഷ്ടപ്പെടുന്നവരായിക്കും കൂടുതൽ എന്നാണ്.)

ഇടുങ്ങിയ വഴിയിൽ കൂടെ നമുക്കെങ്ങനെ പോകുവാൻ കഴിയും? യേശു ആ ചോദ്യത്തിനുള്ള ഉത്തരം താഴോട്ടുള്ള വാക്യങ്ങളിൽ പറയുന്നു: അവൻ നമ്മോടു പറയുന്നത് അനുസരിച്ചുകൊണ്ട് (മത്തായി 7:21–27). അതിനു പ്രാധാന്യം ഉള്ളതുപോലെ, നമുക്ക് എങ്ങനെ ഇടുങ്ങിയ വഴിയിൽ *ആയിരിക്കുവാൻ* കഴിയും? ഇടുങ്ങിയ വഴി വിട്ടുകളയുവാൻ ഒരാൾക്കു സാധ്യമല്ല എന്നു പുതിയ നിയമം പഠിപ്പിക്കുന്നില്ല (1 കൊരിന്ത്യർ 10:12; യാക്കോബ് 5:19, 20 നോക്കുക). ഖേദകരമെന്നു പറയട്ടെ, വിശാലമായ എളുപ്പവഴിയിൽ കൂടി പോകുവാനായി, ഒന്നിലധികം യാത്രക്കാർ ഇടുങ്ങിയ വഴിയിൽ കൂടി നടന്ന് അതിന്റെ നിബന്ധനകൾ കൊണ്ട് ക്ഷീണിച്ച് വിട്ടുകളയുന്നു. നമുക്ക് എങ്ങനെ ഇടുങ്ങിയ വഴിയിൽ തന്നെ ആയിരിക്കുവാൻ കഴിയും? ക്രിസ്തുവിന്റെ കൽപനകളെ *തുടർച്ചയായി* അനുസരിച്ചുകൊണ്ട് (മത്തായി 7:24–27 അവലോകനം ചെയ്യുക.)

നാം സഞ്ചരിക്കുന്ന വഴി ഏതായാലും എന്തു വ്യത്യാസമാണ് അതുണ്ടാക്കുന്നത്? ഒന്ന് *ജീവങ്കലേക്കു*ള്ള വഴി – അത് ദൈവത്തോടുകൂടെ നിത്യജീവനുള്ളതാണ് (റോമർ 2:7). മറ്റേത് *നാശത്തിലേക്കു*ള്ള വഴിയാണ് – കർത്താവിന്റെ സന്നിധിയിൽ നിന്ന് വിട്ടകന്ന്, നിത്യനാശത്തിലേക്കുള്ള വഴി (2 തെസലൊനിക്യർ 1:9). നിസ്സാരമായി പറഞ്ഞാൽ, ഒന്ന് സ്വർഗ്ഗത്തിലേക്കുള്ള ഉയർന്ന വഴിയും മറ്റേത് നരകത്തിലേക്കുള്ള താഴ്ന്ന വഴിയും.

## നല്ലത് അല്ലെങ്കിൽ കൊള്ളരുതാത്ത ഫലം
## (മത്താ. 7:15-20; ലൂക്കൊ. 6:43-45)

നാം ഏതു പാതയിൽ കൂടി സഞ്ചരിക്കുന്നു എന്നത് ഒരുപാടു[28] വ്യത്യാസം വരുത്തുന്നതാണ്. അല്ല, ഞാനത് മാറ്റട്ടെ: നാം സഞ്ചരിക്കുന്ന വഴിയാണ് *നിത്യത*യുടെ വ്യത്യാസം വരുത്തുന്നത്. മനുഷ്യർ അത് മനസ്സിലാക്കരുതെന്നാണ് പിശാച് കരുതുന്നത്. ആളുകൾ ഏതു വഴിയിൽ കൂടി സഞ്ചരിച്ചാലും തെറ്റില്ല എന്നു കരുതുവാൻ (അതായത്, അവർ എങ്ങനെ ജീവിച്ചാലും), അല്ലെങ്കിൽ വിശാലമായ വഴിയാണ് യഥാർത്ഥത്തിൽ ഇടുങ്ങിയ വഴി എന്നു ചിന്തിക്കുവാൻ അവൻ ആളുകളെ പ്രേരിപ്പിക്കുന്നു. അത് നേടുവാൻ, അവൻ ദുരുപദേഷ്ടാക്കന്മാരെ ഉപയോഗിക്കുന്നു. ഗിരിപ്രഭാഷണത്തിലെ അടുത്ത ഭാഗം കള്ള പ്രവാചകന്മാർക്ക് എതിരായുള്ള മുന്നറിയിപ്പാണ്.

ഒരു പ്രവാചകൻ ദൈവത്തിനുവേണ്ടി സംസാരിക്കുന്നവനായിരുന്നു;

ഒരു കള്ളപ്രവാചകൻ ദൈവത്തിനുവേണ്ടി സംസാരിക്കുന്നു എന്നവകാശപ്പെട്ടിരുന്നുവെങ്കിലും അങ്ങനെ ആയിരുന്നില്ല. വാസ്തവത്തിൽ, യേശു, കള്ളപ്രവാചകന്മാരെ "ആടുകളുടെ വേഷം ധരിച്ച ചെന്നായ്ക്കൾ" എന്നാണു വിളിച്ചത് (മത്തായി 7:15 നോക്കുക). അവർക്കില്ലാത്ത ഭാവം ഉള്ളതായി നടിക്കുന്നു. അവരുടെ അഭക്തിയുടെ തെറ്റിന്മേൽ അൽപം സത്യം വിതറിക്കൊണ്ട്, അവർ സൽപ്രവൃത്തികൾ ചെയ്തു അവരുടെ ദുഷ്ടത മറെക്കുവാൻ ശ്രമിച്ചു (മത്തായി 7:22, 23 നോക്കുക).

പരീശന്മാരുടെയും ശാസ്ത്രിമാരുടെയും ഉപദേശങ്ങളെ സൂക്ഷിച്ചുകൊള്ളണമെന്നാകാം തന്റെ ശ്രോതാക്കളോടു പ്രത്യേകമായി ക്രിസ്തു മുന്നറിയിപ്പു നൽകിയത്, എന്നാൽ സഭയുടെ ആരംഭം മുതൽ ഇന്നുവരെ ദുരുപദേഷ്ടാക്കന്മാർ സഭയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു (മത്തായി 24:11, 24; പ്രവൃത്തികൾ 20:29, 30; 2 പത്രൊസ് 2:1). കള്ളപ്രവാചകന്മാരെ നാം തിരിച്ചറിയേണ്ടത് ആവശ്യമാണ്. നമുക്കതെങ്ങനെ ചെയ്യുവാൻ കഴിയും? അവർ നൽകുന്ന "ഫലം" കൊണ്ട് നമുക്കവരെ തിരിച്ചറിയാം: അവരുടെ ജീവിതത്തിന്റെ ഫലങ്ങളും അവരുടെ ഉപദേശത്തിന്റെ ഫലങ്ങളും (മത്തായി 7:16–20; റോമർ 16:17 നോക്കുക). അവരുടെ ഉപദേശവും ജീവിതവും ദൈവവചനവുമായി താരതമ്യം ചെയ്യേണ്ടതുണ്ട് (1 യോഹന്നാൻ 4:1; പ്രവൃത്തികൾ 17:11).

ഒരു മനുഷ്യന്റെ ഉപദേശം അവന്റെ ഹൃദയത്തിലുള്ളത് കുറച്ചെങ്കിലും വെളിപ്പെടുത്തുന്നു എന്നുകൂടെ ലൂക്കൊസിന്റെ വിവരണത്തിൽ ചേർത്തിരിക്കുന്നു, "ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതല്ലോ വായി പ്രസ്താവിക്കുന്നത്" (ലൂക്കൊസ് 6:45).[29] "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചു കൊൾവിൻ" എന്ന് യേശു ആദ്യം പറഞ്ഞ വാക്കുകൾ പോലെതന്നെ ഇന്നും പ്രസക്തമാണ് യേശുവിന്റെ താക്കീത് (മത്തായി 7:15; കെജെവി).

## പറയുന്നത് അല്ലെങ്കിൽ ചെയ്യുന്നത്
## (മത്താ. 7:21-23)

എല്ലാ കള്ളപ്രവാചകന്മാർക്കും അവർ കള്ളപ്രവാചകന്മാരാണെന്ന് അറിയാമോ? വീതിയുള്ള വഴിയിൽ കൂടെ സഞ്ചരിക്കുന്ന എല്ലാവർക്കും തങ്ങൾ നാശത്തിലേക്കാണ് പോകുന്നതെന്ന് അറിയാമോ? തീർച്ചയായും ഇല്ല. സ്വയം-വഞ്ചിക്കപ്പെടുവാൻ സാധ്യതയുണ്ടെന്ന് മത്തായി 7:21–23 ലെ യേശുവിന്റെ വാക്കുകൾ പറയുന്നു:

> എന്നോടു, "കർത്താവേ, കർത്താവേ," എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. "കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ?" എന്നു, പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു, "ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ" എന്നു തീർത്തു പറയും.

ആ വാക്കുകൾ ഞാൻ വായിക്കുമ്പോഴൊക്കെയും, എനിക്കു ദുഃഖം ഉണ്ടായിട്ടുണ്ട്.

"അന്നാളിൽ" എന്നത് ന്യായവിധി ദിവസത്തെയാണ് സൂചിപ്പിക്കുന്നത് (പ്രവൃത്തികൾ 17:31). ഈ ചിത്രീകരണത്തിൽ, ന്യായവിധിനാളിൽ എതിർവാദവുമായി വരുന്നവർ വാസ്തവത്തിൽ അവർ അവകാശപ്പെട്ടതെല്ലാം ചെയ്തിരുന്നോ? യേശു അവരുടെ അവകാശങ്ങളെ നിഷേധിച്ചില്ല – എന്നാൽ അവർ നല്ല പ്രവൃത്തികൾ ചെയ്തവരാണെങ്കിലും, അധർമ്മം പ്രവർത്തിക്കുന്നവരുമായിരുന്നു, കാരണം അവർ നിയമരാഹിത്യം പരിശീലിച്ചിരുന്നു എന്നാണ് ക്രിസ്തു ആരോപിച്ചത്. അവരുടെ തീർച്ചയുള്ള പ്രവൃത്തികൾ താരതമ്യേന പ്രധാന്യമുള്ളതായിരുന്നില്ല. വാക്യം 23–ലെ ഏറ്റവും പ്രാധാന്യമുള്ള (ഖേദകരവുമായ) വാക്കുകൾ ആണ് "ഞാൻ നിങ്ങളെ ഒരുനാളും അറിയുന്നില്ല എന്നത്."

ബൈബിളിൽ, "അറിയുക" എന്നതിനർത്ഥം "അടുത്ത ബന്ധം ഉണ്ടാകുക"[30] എന്നാണ്, അതിൽ ദൈവവും മനുഷ്യരുമായിട്ടുള്ള ബന്ധവും ഉൾപ്പെടുന്നു (1 കൊരിന്ത്യർ 1:21; ഗലാത്യർ 4:9; ഫിലിപ്പിയർ 3:10). പൗലൊസ് എഴുതി, "കർത്താവു തനിക്കുള്ളവരെ അറിയുന്നു" (2 തിമൊഥെയൊസ് 2:19). "ഞാൻ നിങ്ങളെ ഒരുനാളും അറിയുന്നില്ല," എന്ന് യേശു പറഞ്ഞപ്പോൾ, അവൻ സ്പഷ്ടമാക്കിയത് അവർക്ക് അവനുമായി രക്ഷിക്കപ്പെടുന്ന ബന്ധമില്ലായിരുന്നു എന്നാണ്. അവർ അവനെയും അവന്റെ ഉപദേശങ്ങളെയും പിൻപറ്റിയിരുന്നില്ല, എന്നാൽ അവനെ കർത്താവും യജമാനനുമായി സ്വീകരിച്ച് അവരുടെ ജീവിതം അവന്ന് സമർപ്പിക്കുവാൻ അവർ മടിച്ചിരുന്നു. അവരുടെ സൽപ്രവൃത്തികൾ എന്തുതന്നെ ആയിരുന്നാലും, അവർ അത് "ക്രിസ്തുവിൽ" അല്ല ചെയ്തിരുന്നത് (2 കൊരിന്ത്യർ 5:17; എഫെസ്യർ 2:13; 3:21; റോമർ 16:3, 9), മറിച്ച് ക്രിസ്തുവിനു പുറത്തായിരുന്നു ചെയ്തത്.[31]

യേശു നമ്മെ "അറിയുന്നു" എന്ന് നമുക്ക് എങ്ങനെ തീർച്ചയാക്കാം? നാം അവനെ അധരസേവ നടത്തിയാൽ മാത്രം മതിയോ? "കർത്താവേ, കർത്താവേ" എന്നു മാത്രം, പറഞ്ഞാൽ മതിയോ? പോരാ, നാം ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കണമെന്ന് ക്രിസ്തു പറഞ്ഞിരിക്കുന്നു. പൂർണ്ണമായ അനുസരണം ആവശ്യമുണ്ടോ? ഇല്ല, കാരണം അത് അസാധ്യമാണ് (റോമർ 3:23).[32] എങ്ങനെയായാലും, യേശു നമ്മെ അറിയുന്നുവെന്നത് നമുക്കു തീർച്ചപ്പെടുത്തണമെങ്കിൽ, ക്രിസ്ത്യാനികൾ ആകുവാൻ എന്തുചെയ്യണമെന്ന് കർത്താവു പറഞ്ഞിരിക്കുന്നുവോ നാം അതു ചെയ്യും (റോമർ 6:3–7, 11, 17, 18, 23; ഗലാത്യർ 3:26, 27), പിന്നെ നമ്മുടെ കഴിവിന്റെ പരമാവധി അവനെ അനുസരിക്കുകയും ചെയ്യും. ജെ. ഡബ്ളിയു. മെക്ഗാർവെ അതിനെ ഈ രീതിയിൽ പറഞ്ഞു: "... നമ്മുടെ ദിവസേനയുള്ള പാപങ്ങൾക്കുള്ള ക്ഷമ നൽകുന്ന നിബന്ധനകളോടു, നിത്യവും വഴങ്ങുന്നതു നിമിത്തമുള്ള ജഡത്തിന്റെ ബലഹീനതകൾക്കിടയിലും, നാം പരമാവധി അനുസരിക്കുന്നത് എക്കാലവും ദൈവത്തിന്റെ സ്നേഹം ഉറപ്പു നൽകുന്നതാണ്." [33]

### കേൾക്കൽ അല്ലെങ്കിൽ ചെയ്യൽ
### (മത്താ. 7:24-27; ലൂക്കൊ. 6:46-49)

ക്രിസ്തുവിനെ അനുസരിക്കേണ്ടതിന്റെ ആവശ്യകതയെ ഊന്നി പറയുന്നതാണ് ഗിരിപ്രഭാഷണത്തിലെ അവസാന വാക്കുകൾ എന്ന് നാം കണ്ടു കഴിഞ്ഞു. രണ്ടു കെട്ടിടനിർമ്മാണക്കാരെ കുറിച്ചു ഇന്നു–സുപരിചിതമായ ചിത്രീകരണത്തോടുകൂടിയാണ് യേശു അവസാനിപ്പിച്ചത്: ബുദ്ധിയുള്ള മനു

ഷ്യൻ പാറമേൽ വീടു പണിയുന്നതും ബുദ്ധിയില്ലാത്ത മനുഷ്യൻ മണലിന്മേൽ വീടു പണിയുന്നതും. ഒന്നാമത്തവനെ, യേശു പറഞ്ഞു, തന്റെ വാക്കുകൾ കേട്ട് അതനുസരിച്ച് പ്രവർത്തിക്കുന്നവനുമായി താരതമ്യം ചെയ്യാം, എന്നാൽ രണ്ടാമത്തവനെ തന്റെ വചനം കേൾക്കുകയും ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്നവനോട് താരതമ്യം ചെയ്യണം.

ലൂക്കൊസിന്റെ വിവരണത്തിൽ ആ ചിത്രീകരണം വിപുലപ്പെടുത്തി പറയുന്നത് ഒന്നാമത്തവൻ "ആഴെക്കുഴിച്ചു[34] പാറമേൽ അടിസ്ഥാനം ഇട്ടു" എന്നാണ് (ലൂക്കൊസ് 6:48), എന്നാൽ രണ്ടാമത്തവൻ "അടിസ്ഥാനം കൂടാതെ മണ്ണിന്മേൽ വീടു പണിതു" എന്നാണ് പറഞ്ഞിരിക്കുന്നത് (ലൂക്കൊസ് 6:49). ഒരു ആശാരി ആയതുകൊണ്ട് (മർക്കൊസ് 6:3 നോക്കുക), ഉറപ്പുള്ള അടിസ്ഥാനം ഇടുന്നതിന്റെ പ്രാധാന്യം ക്രിസ്തു മനസ്സിലാക്കിയിരുന്നു, എന്നാൽ നിർമ്മാണത്തെ കുറിച്ച് പരിചയമോ അൽപ അറിവോ ഉള്ളവർക്കുപോലും ഒരു വീടിന് അടിസ്ഥാനം വേണമെന്ന് അറിയാം. ഓരോ ജീവിതത്തിനും അടിസ്ഥാനം വേണം.

ഭൗതിക അഭിപ്രായങ്ങളുടെ വഴുതിപോകുന്ന മണലിൻമേൽ പണിതിട്ടുള്ളതാണ് അനേകം ജീവിതങ്ങളും എന്നതാണ് നമ്മുടെ ഇക്കാലത്തെ ഏറ്റവും ഖേദകരമായ ഒരു വസ്തുത. നമ്മുടെ ജീവിതങ്ങൾക്ക് യേശുവിന്റെയും അവന്റെ വചനത്തിന്റെയും ഉറപ്പുള്ള അടിസ്ഥാന മാണ് ആവശ്യം (നോക്കുക 1 കൊരിന്ത്യർ 3:11; എഫെസ്യർ 2:20). നാം ക്രിസ്തുവിന്റെ ഇഷ്ടം ചെയ്യുകയാണെങ്കിൽ (ചെയ്യുമെങ്കിൽ മാത്രം) നമുക്ക് ആ ഉറപ്പ് ഉണ്ടാകുന്നു.

ചെയ്യുന്നതും ചെയ്യാതിരിക്കുന്നതുമായ വ്യത്യാസത്തെയാണ് ഈ വേദഭാഗം എടുത്തുകാണിക്കുന്നത്. ബുദ്ധിയുള്ളവൻ പാറമേൽ വീടുപണിയുമെന്നും ബുദ്ധിയില്ലാത്തവൻ മണലിന്മേൽ വീടു പണിയുമെന്നുമുള്ള പാട്ട് ലോകത്തെമ്പാടുമുള്ള കുട്ടികൾ പാടുന്നു. ഞാൻ ആ പാട്ട് നയിക്കുമ്പോൾ, ആ വേദഭാഗത്തിലെ ഊന്നൽ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതിനോടുള്ള യോജിപ്പുകാണിക്കുവാൻ അവസാന വാക്യത്തിലെ വാക്കുകൾക്ക് അൽപം മാറ്റം വരുത്താറുണ്ട്:

> അതുകൊണ്ടു നിങ്ങളുടെ ജീവിതം *കർത്താവിന്റെ വചനത്തിന്മേൽ* പണിയുക;[35]
> കർത്താവിന്റെ വചനത്തിന്മേൽ നിങ്ങളുടെ ജീവിതം പണിയുക;
> കർത്താവിന്റെ വചനത്തിന്മേൽ നിങ്ങളുടെ ജീവിതം പണിയുക;
> അപ്പോൾ അനുഗ്രഹങ്ങൾ താഴേക്ക് ഇറങ്ങിവരും.
>
> *നാം അവന്റെ ഇഷ്ടം ചെയ്യുമ്പോൾ* അനുഗ്രഹങ്ങൾ താഴേക്ക് ഇറങ്ങിവരും;
> നാം അവന്റെ ഇഷ്ടം ചെയ്യുമ്പോൾ അനുഗ്രഹങ്ങൾ താഴേക്ക് ഇറങ്ങിവരും;
> നാം അവന്റെ ഇഷ്ടം ചെയ്യുമ്പോൾ അനുഗ്രഹങ്ങൾ താഴേക്ക് ഇറങ്ങിവരും;
> അതുകൊണ്ടു നിങ്ങളുടെ ജീവിതം കർത്താവിന്റെ വചനത്തിന്മേൽ പണിയുക.

ശിഷ്യന്മാരാകുവാൻ–ഇരിക്കുന്നവർക്ക് ഇപ്പോഴും വെല്ലുവിളി നൽകുന്നതാണ് ലൂക്കൊസിന്റെ വിവരണത്തിലെ യേശുവിന്റെ വാക്കുകൾ: "നിങ്ങൾ എന്നെ, 'കർത്താവേ, കർത്താവേ,' എന്നു വിളിക്കയും ഞാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നതു എന്ത്?" (ലൂക്കൊസ് 6:46).

**ഉപസംഹാരം**
**(മത്തായി 7:28, 29).**

"ഈ വചനങ്ങളെ യേശു പറഞ്ഞുതീർന്നപ്പോൾ, പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു; അവരുടെ ശാസ്ത്രിമാരെപ്പോലെയല്ല, അധികാരമുള്ളവനായിട്ടത്രേ അവൻ അവരോടു ഉപദേശിച്ചത്"[36] (മത്തായി 7:28, 29). രണ്ടായിരം വർഷങ്ങൾ കഴിഞ്ഞിട്ടും, ഗിരിപ്രഭാഷണം ഇപ്പോഴും വിസ്മയിപ്പിക്കുന്നതുതന്നെയാണ്. അതു വായിക്കുക; അതു പഠിക്കുക; എന്നാൽ, എല്ലാറ്റിലും ഉപരി, അതു പരിശീലിക്കുവാൻ എല്ലാ പരിശ്രമവും നടത്തുക.

നമുക്കു സഞ്ചരിക്കുവാൻ കഴിയുന്ന രണ്ടുവഴികളെ ക്രിസ്തു തന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുന്നുണ്ട് എന്നു പറഞ്ഞുകൊണ്ടാണ് ഞാൻ ഈ പാഠം ആരംഭിച്ചത് (മത്തായി 7:13, 14). വ്യക്തികൾ തമ്മിൽ ഉള്ള പല വ്യത്യാസങ്ങൾ ലോകം വേർതിരിച്ചുകാണിക്കുന്നു: ധനവാനും ദരിദ്രനും, സൗന്ദര്യമുള്ളവരും സൗന്ദര്യമില്ലാത്തവരും, കഴിവുള്ളവരും കഴിവില്ലാത്തവരും, വിജയിക്കുന്നവരും പരാജയപ്പെടുന്നവരും. അവസാനം, കാര്യമായെടുക്കുന്ന വ്യത്യാസം ഒന്നു മാത്രം: നാം ജീവങ്കലേക്ക് പോകുന്ന ഇടുക്കമുള്ള വഴിയിലോ അതോ നിത്യനാശത്തിലേക്കു പോകുന്ന വീതിയുള്ള വഴിയിലോ (മത്തായി 25:46; യോഹന്നാൻ 3:16; റോമർ 2:7, 8; 6:23). നമ്മിൽ തിളച്ചുമറിയുന്ന ഒരു ചോദ്യമാണ് "ഞാൻ ഏത് വഴിയിൽകൂടെയാണ് സഞ്ചരിക്കുന്നത്?" നിങ്ങൾ ഏതുവഴിയിൽ കൂടെയാണ് സഞ്ചരിക്കുന്നത്? ഞാൻ ആവർത്തിക്കട്ടെ: വചനം നാം എടുക്കേണ്ട തിരഞ്ഞെടുപ്പുകൾ നമുക്കായി വിട്ടുതരുന്നു, ജീവങ്കലേക്കുള്ള തിരഞ്ഞെടുപ്പ് അല്ലെങ്കിൽ നാശത്തിലേക്കുള്ള തിരഞ്ഞെടുപ്പ്. ശരിയായ തിരഞ്ഞെടുപ്പ് നടത്തുവാൻ ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ.

---

കുറിപ്പുകൾ

[1]ജോൺ ആർ. ഡബ്ളിയു. സ്റ്റോട്ട്, *ദ മെസേജ് ഓഫ് ദ സെർമൺ ഓൺ ദ മൗണ്ട്* (ഡൗണേഴ്സ് ഗ്രോവ് Ill.: ഇന്റർ–വാഴ്സിറ്റി പ്രെസ്, 1978), 15. [2]ഈ. സ്റ്റാൻലി ജോൺസ്, *ദ ക്രൈസ്റ്റ് ഓഫ് ദ മൗണ്ട്* (നാഷ്‌വില്ലേ: അബിങ്ടൺ പ്രെസ്, 1931), 14. [3]ഹാർവേ സ്കോട്ട്, *ദ സെർമൺ ഓൺ ദ മൗണ്ട്* (ടെക്സാർക്കാനാ, ടെക്സ്.: ദ ക്രിസ്റ്റ്യൻ ഹെൽപർ, 1947), 3. [4]കെജെവിയിലെ മത്തായി 7:13, 14–ൽ "സ്ട്രെയിറ്റ്" എന്ന വാക്ക് രണ്ടു പ്രാവശ്യം ഉണ്ട്. "സ്ട്രെയിറ്റ്" എന്നതിന്റെ അർത്ഥം "നാരോ," എന്നാൽ ആ വാക്കുകേൾക്കുമ്പോൾ, പലരും വിചാരിക്കുന്നത്, "സ്ട്രെയിറ്റ്" എന്നതിനെയാണ് (രണ്ട് പോയിന്റുകൾക്കിടയിലുള്ള ഏറ്റവും കുറഞ്ഞ ദൂരം). [5]ലൂക്കൊസ് 12:33, 34 നോക്കുക. [6]സ്വർഗ്ഗത്തിൽ എങ്ങനെ നിക്ഷേപിക്കണം എന്നതിനെ കുറിച്ചുള്ള ഒരു ഉദാഹരണത്തിന്, 1 തിമൊഥെയൊസ് 6:18,

19 നോക്കുക. [7]നമുക്കറിയാവുന്ന പോലെ, ബാങ്കുകൾ, അന്ന് ഉണ്ടായിരുന്നില്ല, അതു കൊണ്ട് അന്നത്തെ കാലത്ത് ആളുകൾ തങ്ങളുടെ നിക്ഷേപങ്ങൾ വീടുകളിൽ ഒളിച്ചുവയ്ക്കുകയോ ഭൂമിക്കടിയിൽ കുഴിച്ചിടുകയോ ആയിരുന്നു പതിവ് – അവ പ്രകൃതിക്ഷോഭത്താൽ (യാക്കൊബ് 5:2, 3) അല്ലെങ്കിൽ കള്ളന്മാരാൽ നഷ്ടപ്പെടുവാനിടയുണ്ട്. [8]ലൂക്കൊസ് 11:34–36 നോക്കുക. [9]എന്റെ കൈവശമുള്ള എൻഎഎസ്ബി പകർപ്പിലുള്ള മാർജിൻ കുറിപ്പിൽ ആ വിവരം നൽകിയിട്ടുണ്ട്. കെജെവിയിൽ "എ ബൗണ്ടിഫുൾ ഐ" എന്നാണുള്ളത്. [10]ഹൃദയത്തിന്റെ ക്രമത്തിനു കണ്ണ് സഹായിക്കുന്നു എന്നതിന്റെ മറ്റൊരുദാഹരണത്തിന്, ആവർത്തനപുസ്തകം 15:9; 28:56; സദൃശ്യവാക്യങ്ങൾ 23:6; മത്തായി 20:15 നോക്കുക. ("കണ്ണ്" എന്ന വാക്ക് ഇംഗ്ലീഷ് തർജ്ജിമയിൽ എപ്പോഴും വരുന്നില്ലെങ്കിലും മൂലഗ്രന്ഥത്തിലെ ആ ഓരോ വാക്യങ്ങളിലും കാണാം.)

[11]എടുത്തിരിക്കുന്നത് ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 256. [12]ലൂക്കൊസ് 16:13 നോക്കുക. [13]പാപത്തിന്റെ അല്ലെങ്കിൽ ദൈവത്തിന്റെ ദാസൻ ആയി തീരുന്നതിനെ കുറിച്ചുള്ള പൊതുവായ ഉപദേശത്തിന്, റോമർ 6:16–18 നോക്കുക. [14]ജോൺ ഫ്രാങ്ക്ലിൻ കാർട്ടർ, *എ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷ്‌വിലേ: ബ്രോഡ്മാൻ പ്രെസ്, 1961), 110. [15]"മുൻപെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ" എന്നത് ദൈവത്തിന്റെ വാഴ്ച്ചയെ തിരിച്ചറിഞ്ഞ് അവന്റെ രാജകീയ കൽപനകളെ അനുസരിക്കുവാൻ കഠിനമായി പരിശ്രമിക്കുന്നതാണ്. യേശു മത്തായി 16:18, 19–ൽ "രാജ്യം" എന്നും "സഭ" എന്നും പദങ്ങൾ മാറി മാറി ഉപയോഗിച്ചിരിക്കുന്നതുകൊണ്ട്, നമ്മുടെ താല്പര്യത്തെക്കാൾ കർത്താവിന്റെ സഭയുടെ താല്പര്യങ്ങൾക്കു ഉയർന്ന പരിഗണന നൽകുവാൻ നമുക്കും പരിശീലിക്കാം. [16]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റൺ എന്നിവയിൽ നിന്ന് എടുത്തിരിക്കുന്നു, 259. [17]ആ വാക്കുകൾ യേശു പറയുമ്പോഴും അവൻ ഭാവിക്കുവേണ്ടി ഒരുങ്ങിക്കൊണ്ടാണിരുന്നത്: താൻ ലോകത്തിൽ നിന്ന് പോകുമ്പോൾ പ്രവർത്തിക്കേണ്ടതിന് അപ്പൊസ്തലന്മാരെ അവൻ ഒരുക്കുകയായിരുന്നു. പഴയ നിയമത്തിൽ, ഭാവിയെ കുറിച്ച് കരുതുന്നതിനെ കുറിച്ചുള്ള ഉദാഹരണത്തിന് ഉറുമ്പിനെ സാദൃശ്യപ്പെടുത്തി പറയാറുണ്ട് (സദൃശ്യവാക്യങ്ങൾ 30:25). മുൻകൂട്ടി ചിന്തിക്കുന്നതിനെ കുറിച്ചുള്ള മറ്റു വേദഭാഗങ്ങൾക്ക് (ചിന്തിക്കാതെ അല്ലെങ്കിൽ അൽപം ചിന്ത പോലുമില്ലാതെ പ്രവർത്തിക്കുന്നതിന് എതിരായി), നോക്കുക സദൃശവാക്യങ്ങൾ 21:5; 25:8; 2 കൊരിന്ത്യർ 8:20, 21. [18]നമ്മുടെ കയ്യിൽ ദൈവം തന്നിരിക്കുന്ന എല്ലാറ്റിന്റേയും മേൽനോട്ടക്കാരാണ് നാം, അതിൽ നമ്മുടെ സമ്പാദ്യങ്ങളും സമയവും ഉൾപ്പെടുന്നു. നമ്മുടെ കാര്യനിർവ്വഹണത്തിൽ നാം വിശ്വസ്തരായിരിക്കണം (നോക്കുക 1 കൊരിന്ത്യർ 4:2). [19]മത്തായി 7:1–6 ന്റെ വിപുലമായ ചർച്ചക്ക്, ഈ പുസ്തകത്തിൽ പിന്നീടു വരുന്ന "വിധിക്കരുത്," "മറ്റുള്ളവരുമായി എങ്ങനെ ഇടപെടണം," എന്നീ പാഠങ്ങൾ നോക്കുക. [20]ലൂക്കൊസ് 6:39 പറയുന്നതു യേശു "അവരോടു ഉപമകളായും സംസാരിച്ചു" എന്നാണ്.

[21]7:7–11 വരെ യുള്ള വേദഭാഗത്തിന് അതിനു മുൻപുള്ള വേദഭാഗത്തോടും അതിനു ശേഷമുള്ള വേദഭാഗത്തോടുമുള്ള ബന്ധത്തെ കുറിച്ച് കൂടുതൽ അറിയുവാൻ, ഈ പരമ്പരയിലെ അടുത്ത രണ്ടു പ്രസംഗങ്ങൾ നോക്കുക. [22] ലൂക്കൊസ് 18:1 നോക്കുക. [23]യാക്കൊബ് 5:16–18 നോക്കുക. [24]നമ്മുടെ ഭൗതിക അപ്പന്മാർ മക്കളോടു പെരുമാറുന്നതു പോലെയാണ് സ്വർഗ്ഗീയ പിതാവ് നമ്മളോടു പെരുമാറുന്നത് എന്നു സൂചിപ്പിക്കുന്ന മറ്റു താരതമ്യങ്ങൾ കാണാം. (ഉദാഹരണമായി, എബ്രായർ 12:4–13, നോക്കുക.) എങ്ങനെയായാലും, *എല്ലാ* നിലയിലും, നമ്മുടെ ഭൗതിക അപ്പന്മാരെ പോലെയാണ് സ്വർഗ്ഗസ്ഥനായ പിതാവ് എന്നു നാം കരുതരുത്. ഓരോ ഭൗതിക അപ്പന്മാരും തങ്ങളുടെ മക്കളോടു തെറ്റായി

ഇടപെട്ടേക്കാം, എന്നാൽ ദൈവം തെറ്റു ചെയ്യുന്നില്ല. ദൈവം ആരെയും നരകത്തിലേക്ക് അയക്കുകയില്ല എന്നു മത്തായി 7:7–11 എടുത്തുകൊണ്ട് ചിലർ പഠിപ്പിക്കുവാൻ ശ്രമിക്കാറുണ്ട് , കാരണം (അവർ പറയുന്നത്) ഒരു ഭൗതിക അപ്പനും തന്റെ മക്കളോടു അങ്ങനെ ചെയ്യുകയില്ല. ആ വേദഭാഗത്തെ അങ്ങനെ വ്യാഖ്യാനിക്കുന്നത് ന്യായവിധിയെ കുറിച്ചുള്ള വ്യക്തമായ വേദഭാഗത്തെ അത് എതിർക്കുന്നതിനു തുല്യമാണ് (മത്തായി 25:31–46 പോലെയുള്ളവ). [25]സുവർണ്ണ നിയമത്തെ വിശദമായി ചർച്ച ചെയ്യുന്നതിന്, "മറ്റുള്ളവരുമായി എങ്ങനെ ഇടപെടണം," എന്ന ഈ പുസ്തകത്തിലെ വരുവാനിരിക്കുന്ന പ്രസംഗം നോക്കുക. [26]പ്രത്യേകമായി, മറ്റുള്ളവരുമായി എങ്ങനെ ഇടപെടണമെന്നതിനെ കുറിച്ചു ന്യായപ്രമാണവും പ്രവാചകന്മാരും പഠിക്കുന്നതുമായി ഇതിനു ബന്ധമുണ്ട്. [27]ലൂക്കൊസ് 13:23, 24 നോക്കുക. [28]"എ വേൾഡ് ഓഫ്" എന്നത് പൊതുവായി പറയുന്ന പ്രയോഗമാണ്. അസംഖ്യമായ അളവിനെ അതു കാണിക്കുന്നു. വളരെ കാലം നീണ്ടുനിന്ന ഒരു ഭാഷാ പ്രയോഗമായിരുന്നു അത് (യാക്കൊബ് 3:6 നോക്കുക). [29]ലൂക്കൊസ് 6:45 നമ്മുടെ സംസാരത്തെ സംബന്ധിച്ചു പൊതുവിൽ ഉപയോഗിക്കുന്ന ഒന്നാണ്: നാം പറയുന്നത് നമ്മുടെ ഹൃദയത്തെ വെളിപ്പെടുത്തുന്നു. എങ്ങനെയായാലും, സന്ദർഭത്തിൽ, ദൈവത്തിനുവേണ്ടി സംസാരിക്കുന്നു എന്നവകാശപ്പെടുന്നവർക്ക് പ്രത്യേകിച്ച് പ്രായോഗികമാക്കുവാനുള്ള വാക്കുകളാണ് അത്. ഇവിടെ ഞാനൊരു മുന്നറിയിപ്പു നൽകട്ടെ: മത്തായി 7:1 ൽ വിധിക്കുന്നതിന് എതിരായുള്ള യേശുവിന്റെ ഉപദേശത്തിന് വിപരീതമാകുന്ന വിധത്തിൽ ലൂക്കൊസ് 6:45 വ്യാഖ്യാനിക്കരുത്. മറ്റൊരാളുടെ സംസാരത്തെ കുറിച്ചു നിങ്ങൾക്കു കഴിയുന്ന നല്ല വിശദീകരണം കൊടുക്കുക. [30]ഇതിൽ വിവാഹ ബന്ധങ്ങൾ ഉൾപ്പെടുന്നു. ബൈബിൾ പറയുന്നു ആദാം തന്റെ ഭാര്യയെ "അറിഞ്ഞു" (ഉൽപത്തി 4:1; കെജെവി നോക്കുക). എൻഎഎസ്ബി യിൽ "ഹാഡ് റിലേഷൻസ് വിത്ത്" എന്നാണ്. എന്റെ കൈവശമുള്ള എൻഎഎസ്ബി യിൽ നൽകിയിരിക്കുന്ന മാർജിൻ കുറിപ്പ് ഇതാണ്: "[അക്ഷരികമായി], *അറിഞ്ഞു.*" ആ പ്രയോഗം ബൈബിളിൽ ഉടനീളം ഉപയോഗിച്ചിട്ടുണ്ട്, പുതിയനിയമത്തിൽ പോലും അതുണ്ട് (നോക്കുക മത്തായി 1:25; ലൂക്കൊസ് 1:34 [കെജെവി നോക്കുക]).

[31]വേണമെങ്കിൽ, പരിശ്രമം നടത്തേണ്ടത് *എവിടെ*യാണെന്നതിന്റെ പ്രാധാന്യത്തെ കുറിച്ച് നിങ്ങൾക്ക് ചിത്രീകരണങ്ങൾ നൽകാം. ഉദാഹരണത്തിന്, പന്തയത്തിൽ പങ്കെടുത്തിട്ടില്ലാത്ത ഒരാൾ പന്തയത്തിൽ പങ്കെടുത്തിട്ടുള്ള ആളെക്കാൾ വേഗത്തിൽ ഓടിയേക്കാം, പക്ഷെ അയാൾ കിരീടം നേടുകയില്ല (നോക്കുക 2 തിമൊഥെയൊസ് 2:5; 1 കൊരിന്ത്യർ 9:24). നിങ്ങളുടെ വിദ്യാർത്ഥികൾക്ക് മനസ്സിലാക്കുവാൻ കഴിയുന്ന ചിത്രീകരണങ്ങൾ ഉപയോഗിക്കുക. [32]ദൈവത്തിന്റെ കൃപക്ക് സ്തോത്രം (റോമർ 6:23)! [33]മെക്ഗാർവെ ആന്റ് പെന്റൽറ്റൺ, 268. [34]ഉൾക്കരുത്തില്ലാത്ത മനസ്സുകൾക്ക് ക്രിസ്ത്യാനിത്വത്തിന്റെ ആഴം ഒരിക്കലും അറിയുവാൻ കഴിയുകയില്ല. [35]ഞാൻ എന്റെ കൈകൾ അൽപം മാറ്റിയും ചലിപ്പിക്കും: "കർത്താവിന്റെ വചനം" എന്നു പറയുമ്പോൾ ഒരു തുറന്ന പുസ്തകം പോലെ ഞാൻ എന്റെ കൈകൾ പിടിക്കുകയും, "നാം അവന്റെ ഇഷ്ടം ചെയ്യുമ്പോൾ" എന്നു പറയുമ്പോൾ, ഒരു കൈ മുകളിലേക്കുയർത്തി ചൂണ്ടുകയും ചെയ്യും. [36]ഈ പുസ്തകത്തിൽ ആദ്യം കാണുന്ന "അധികാരമുള്ളവനെപോലെ" എന്ന പാഠത്തിലെ, മർക്കൊസ് 1:22–നെ കുറിച്ചുള്ള പരാമർശങ്ങളിൽ "ശാസ്ത്രിമാരെപോലെ അല്ല," എന്നതിനെ സംബന്ധിച്ചുള്ള വിമർശനങ്ങൾ നോക്കുക.